"ഭരണഭാഷ മാതൃഭാഷ"

**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: അനുപമ റ്റി.വി. IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് - 'മംഗല്യ പദ്ധതി' 2019-20 - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 13.08.2019 ലെ WEC2-18848/19 നമ്പർ സർക്കുലർ
2. ഈ കാര്യാലയത്തിൽ നിന്നുള്ള 23.10.2019 ലെ ഇതേ നമ്പർ ഉത്തരവ്
3. തിരുവനന്തപുരം DWCDO യുടെ 31.12.2019 ലെ DWCDO/TVPM/183/19 നമ്പർ കത്ത്
4. കൊല്ലം DWCDO യുടെ 28.01.2020 ലെ DWCDO/227/2019 നമ്പർ കത്ത്
5. ആലപ്പുഴ DWCDO യുടെ 25.02.2020 ലെ E4-872/19 നമ്പർ കത്ത്
6. ഇടുക്കി DWCDO യുടെ 28.01.2020 ലെ DWCDO/IDK/181/19 നമ്പർ കത്ത്
7. തൃശ്ശൂർ DWCDO യുടെ 01.01.2020 ലെ DWCDO/TSR/108/2019 നമ്പർ കത്ത്

**ഉത്തരവ് നം. WEC2-18848/19 തീയതി: 16.03.2020**

നിർധനരായ വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിനായി 'മംഗല്യ പദ്ധതി' പ്രകാരം 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിച്ച് വരുന്നു. ആയത് പ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പരാമർശം (1) പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാരോട് നിർദ്ദേശിച്ചിരുന്നു. പരാമർശം (2) പ്രകാരം 49,25,000/- രൂപ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്. ശേഷം ലഭിച്ച അപേക്ഷകൾക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് അലോട്ട്മെന്റ് ആവശ്യപ്പെട്ട് പരാമർശം (3) മുതൽ (7) വരെ പ്രകാരം ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 5 ജില്ലകളിലെ ഗുണഭോക്താക്കൾക്കായി ആകെ ഏഴ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഈ സാഹചര്യത്തിൽ 5 ജില്ലകൾക്കായി ചുവടെ ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 7,25,000/- (ഏഴ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | 1,50,000/- |
| 2 | കൊല്ലം | 8 | 2,00,000/- |
| 3 | ആലപ്പുഴ | 5 | 1,25,000/- |
| 4 | ഇടുക്കി | 3 | 75,000/- |
| 5 | തൃശ്ശൂർ | 7 | 1,75,000/- |
| | **ആകെ** | | **7,25,000** |

**(ഏഴ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം)**

ഈ ഇനത്തിൽ ചെലവ് വരുന്ന 7,25,000/- (ഏഴ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപ 2235-02-103-68-03-(പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

പ്രസ്തുത തുക ജില്ല വനിത ശിശു വികസന ഓഫീസറുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ പ്രോഗ്രാം ഓഫീസിലെ ഡി.ഡി.ഒ.മാരായ സീനിയർ സൂപ്രണ്ടുമാർ മുഖേന മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും ആഡിറ്റിനായി ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. പരാമർശം (1) സർക്കുലറിലെ മാനദണ്ഡപ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. ധനസഹായം അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം ചെലവ് വിവരപ്പട്ടിക എന്നിവ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

**പകർപ്പ്:**

1. സീനിയർ സൂപ്രണ്ടുമാർ (ഐസിഡിഎസ് സെൽ)
   (DWCDO യുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ തുക മാറുന്നതിന്)
2. സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻപ്രകാരം**

സൂപ്രണ്ട്

P/20